# റിപ്പോർട്ട്

2020 ൽ മാർത്തോമാ സ്കൂൾ അധികൃതർ കെട്ടിടത്തിൻറെ 677.6 m2 അധികം ഏരിയ റഗുലറൈസേഷന് അപേക്ഷ സമർപ്പിക്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൻറെ അസസ്മൻറ് രജിസ്റ്ററിലുണ്ടായിരുന്ന 497 m2 ഏരിയയോടൊപ്പം അപേക്ഷയിൽ തന്ന 677.6 m2 ചേർത്ത് 1174.6 m2 ഏരിയ 2020 ൽ ക്രമവൽക്കരിച്ച് നല്കി. തുടർന്നുള്ള 2021-22, 2022-23 ,2023-24,2024-25 എന്നീ അധ്യന വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൻറ അസസ്മെന്റിൽ ഉണ്ടായിരുന്ന ഏരിയയ്ക്കാണ് പഞ്ചായത്തിലെ അസി.എൻജിനിയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയത്. 2012 ന് ശേഷം ക്രമവല്ക്കരിച്ച ഏരിയയ്ക്ക് 677.6 m2 ഏരിയയ്ക്ക്, 1.25 % of Construction cost , സൂപ്പർവിഷൻ ചാർജ് അടച്ച് അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആണ് ലഭ്യമാക്കേണ്ടത്.എന്നാൽ നിലവിൽ ടി സൂപ്പർവിഷൻ ചാർജ് ഒടുക്കുന്നതിന് സ്കൂൾ അധികൃതർ തയ്യാറല്ല. 2011-12,2012-13, 2019-20 എന്നീ വർഷങ്ങളിൽ ടി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച അധികാരികൾ ടി സ്കൂളിന്റെ കെട്ടിടനമ്പർ ,ഏരിയ എന്നീ വിവരങ്ങളുടെ ആധികാരികത അന്വേഷിച്ച് ഉറപ്പ് വരുത്തിയിരുന്നില്ല. ടി സൂപ്പർവിഷൻ ചാർജ് ഒടുക്കിയതിന്റ പകർപ്പ് ആവശ്യപ്പെട്ടിട്ടും സ്കൂൾ അധികൃതർ നാളിതുവരെ ആയത് ഹാജരാക്കിയിട്ടില്ല. ടി തുക ഒടുക്കാത്തപക്ഷം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവുന്നതാണ്. നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മുഴുവൻ ഏരിയയ്ക്കും ലഭിച്ചില്ല എന്ന കാരണത്താൽ ടി സ്കൂളിൻറെ അഫിലിയേഷൻ നഷ്ടമാകുമെന്നും ആയത് കുട്ടികളുടെ ഭാവിയെ ബാധിക്കും എന്ന കാരണത്താൽ ഫീസ് ഒടുക്കാതെ തന്നെ ഫിറ്റ്നസ് നല്കണമെന്നാണ് സ്കൂൾ അധികൃതർ ആവശ്യപ്പെടുന്നത്. മേൽകാരണത്താൽ സൂപ്പർവിഷൻ ചാർജ് ഒഴിവാക്കികൊണ്ട് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാമോ എന്ന് രേഖാമൂലമുള്ള നിർദ്ദേശം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

OFFICE OF THE ASSISTANT ENGINEER
CHERUNNIYOOR G.P
PIN-695 142
LID&EW

ASSISTANT ENGINEER
LID&EW
CHERUNNIYOOR G.P

Scanned with OKEN Scanner